(സി) എത്ര കോടിയുടേതാണ് പ്രസ്തുത പദ്ധതി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) 'വാഴയൂർ കയം' നന്നാക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി ആർ.ഐ.ഡി.എഫ്. 14-ൽ ഉൾപ്പെടുത്തിയെങ്കിലും നബാർഡിന്റെ അംഗീകാരം ലഭിച്ചില്ല. തുടർന്ന് മലബാർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അംഗീകാരം നൽകാൻ കഴിഞ്ഞില്ല. പദ്ധതിക്ക് പഴയ എസ്റ്റിമേറ്റിൽ 1.15 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത് ഇപ്പോൾ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള 'കുളങ്ങളുടേയും, ടാങ്കുകളുടേയും പുനരുദ്ധാരണം' എന്ന പദ്ധതിയിലുൾപ്പെടുത്തി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

പുനൂർ പുഴയുടെ തീരസംരക്ഷണം

116 (5006) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പൂനൂർ പുഴയുടെ തീരങ്ങളിൽ എവിടെയെല്ലാമാണ് തീര സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഒന്നാം അസംബ്ളി നിയോജകമണ്ഡലത്തിൽ പൂനൂർ പുഴയിൽ മാളിക്കടവിൽ എം.എസ്.എസ്. സ്കൂളിനു സമീപം 55 മീറ്റർ നീളത്തിലും മാളിക്കടവ് പാലത്തിന് താഴെയായി 67 മീറ്റർ നീളത്തിലുമാണ് തീരസംരക്ഷണ പ്രവൃത്തികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ആദ്യത്തെ പ്രവൃത്തി 30 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തിട്ടില്ല.

കനോലി കനാലിന് കുറുകെ നിർമ്മിക്കുന്ന പാലങ്ങൾ

117 (5007) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന് കുറുകെ ഏതെല്ലാം സ്ഥലങ്ങളിലാണ് ജലവിഭവ വകുപ്പ് പാലങ്ങൾ നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ പാലത്തിന്റെയും പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly